"ഭരണഭാഷ-മാതൃഭാഷ"

# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ, സർക്കാർ അതിഥി മന്ദിരത്തിന്
സമീപം, തൈക്കാട് പി.ഒ. തിരുവനന്തപുരം - 695014
ടെലഫോൺ- 0471 2785500,502
KNRKWB
www.pravasikerala.org, E-mail: info@pravasikerala.org

KNRKWB/158/2025-S34

തിരുവനന്തപുരം
13-05-2025

info@pravasikerala.org

## ക്വട്ടേഷൻ നോട്ടീസ്

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ വിവിധ ആവശ്യങ്ങൾക്കായി താഴെ പറയും പ്രകാരമുള്ള എല്ലാ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഇൻലൻഡ് ലെറ്റർ കാർഡ് അച്ചടിക്കുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**അച്ചടിക്കേണ്ട ഇൻലൻഡ് ലെറ്റർ കാർഡുകളുടെ എണ്ണം - 10,000.**
**അച്ചടി (കളർ)- സിംഗിൾ കളർ.**
**ഇൻലൻഡ് ലെറ്റർ കാർഡിന്റെ ഭാരം - 4 ഗ്രാമിൽ അധികമാകരുത്.**

ഇൻലൻഡ് ലെറ്റർ കാർഡിന്റെ അളവുകൾ മടക്കുമ്പോഴോ, മടക്കുമ്പോൾ ഉണ്ടാകുന്ന ഫ്ലാപ്പുകൾ ഉൾപ്പെടെ താഴെ പറയും പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടുള്ളതായിരിക്കേണ്ടതാണ്.

**ഇൻലൻഡ് ലെറ്റർ കാർഡ് മടക്കുന്നതിന് മുൻപ്.**

| | |
|---|---|
| പരമാവധി അളവ് | 30cm X21 cm |
| | |

| | |
|---|---|
| ഏറ്റവും കുറഞ്ഞത് | 28.2cm X 18.2 cm |
| ഫ്ലാപ്പ് | ലെറ്റർ കാർഡിന് മൂന്ന് ഫ്ലാപ്പുകൾ ഉണ്ടായിരിക്കും, ഇടതുവശത്തും വലതുവശത്തും ഓരോന്നും 1.5 സെന്റിമീറ്റർ- 10 സെന്റിമീറ്ററിൽ കവിയരുത്, മുകളിൽ മറ്റൊന്ന് 1.5 സെന്റിമീറ്റർ-21 സെന്റിമീറ്ററിൽ കവിയരുത്. ഇൻലൻഡ് ലെറ്റർ കാർഡ് മറ്റ് ഏതെങ്കിലും ഫലപ്രദമായ രീതിയിൽ അടയ്ക്കുവാനും ഒട്ടിക്കുവാനും കഴിയുമെങ്കിൽ ഫ്ലാപ്പുകൾ ആവശ്യമില്ല. |

**ഇൻലൻഡ് ലെറ്റർ കാർഡ് മടക്കിയതിന് ശേഷം.**

| | |
|---|---|
| പരമാവധി അളവ് | 21cm x 10 cm |
| ഏറ്റവും കുറഞ്ഞത് | 15cm x 9 cm |
| ഇൻലൻഡ് ലെറ്റർ കാർഡ് അച്ചടിക്കുന്നതിനുള്ള പേപ്പർ | 70 GSM |

**മറ്റ് നിബന്ധനകൾ**

1. എല്ലാ നികുതികളും മറ്റ് ചാർജ്ജുകളും ഉൾപ്പെടെയാണ് ക്വട്ടേഷൻ നിരക്കുകൾ രേഖപ്പെടുത്തേണ്ടത്.

2. ക്വട്ടേഷനുകൾ 26.05.2025 ന് ഉച്ചയ്ക്ക് 2.30 ന് മുമ്പായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഹെഡ് ഓഫീസിൽ എത്തിക്കുകയും അതേ ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് ക്വട്ടേഷൻ തുറക്കുകയും ചെയ്യും.

3. വൈകി ലഭിക്കുന്നതും പിഴവ് സംഭവിച്ചതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

4. സർക്കാർ ക്വട്ടേഷനുകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ഈ സാഹചര്യത്തിലും ബാധകമായിരിക്കും.

6. ക്വട്ടേഷൻ അടങ്ങിയ കവറിന് പുറത്ത് **"KNRKWB/158/2025-S34 ഉത്തരവ് പ്രകാരം ഇൻലൻഡ് ലെറ്റർ കാർഡ് അച്ചടിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് നിർബന്ധമായി എഴുതിയിരിക്കണം. ക്വട്ടേഷനുകൾ താഴെ പറയുന്ന വിലാസത്തിൽ

അയക്കേണ്ടതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,**
**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്,**
**നോർക്ക സെന്റർ (രണ്ടാം നില),**
**ഗവൺമെന്റ് ഗസ്റ്റ് ഹൗസിന് സമീപം, തൈക്കാട് പി.ഒ.,**
**തിരുവനന്തപുരം 695014**

Signed by
Geetha Lekshmi M B
Date: 13-05-2025 14:30:25
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്: വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.